മണലൂർ മണ്ഡലത്തിലെ മരാമത്ത് ജോലികൾ

309 (1394) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡ്സ്, ബിൽഡിംഗ്സ്, ദേശീയപാത വിഭാഗങ്ങൾ 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാം ;

(ബി) 2011-12 മുതൽ നാളിതുവരെ ഏതെല്ലാം പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിച്ചു; അവയുടെ അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) മണലൂർ, നാട്ടിക, കൈപ്പമംഗലം എന്നി നിയോജക മണ്ഡലങ്ങളിൽ കൂടി കടന്നുപോകുന്ന " Annual Plan-IRQP from Km 369/000 to 395/000 of NH-17 in state of Kerala" എന്ന 1286 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പ്രവൃത്തി കേന്ദ്ര ഫണ്ടുപയോഗിച്ച് 2012-13 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവർത്തി 29-8-2014-ൽ പൂർത്തികരിച്ചിട്ടുണ്ട്. നിരത്തു വിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം I ആയും കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു.

കാലടി ശ്രീ ശങ്കരാചാര്യ സമാന്തരപാലം

310 (1395) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീശങ്കരാചാര്യ സമാന്തരപാലത്തിന്റെയും ബൈപാസ് റോഡിന്റെയും അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും ഇതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) തുക അനുവദിച്ചപ്പോൾ പരിഗണിക്കപ്പെട്ട അലൈൻമെന്റ് ഏതെന്നും നിലവിൽ പരിഗണനയിലുള്ള അലൈൻമെന്റ് ഏതെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly